# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 18.12.2024 മുതൽ 22.12.2024 വരെ)

## കണ്ണൂർജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.എൻ.ആർ - 101/2024 | തീയ്യതി:17/12/2024 |
|---|---|

### എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 32.2 – 35.8 | 21.6– 26.0 | 58– 81 | 00 – 06 |

### ബി.വരുന്ന നാല്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 18-12-2024 | 19-12-2024 | 20-12-2024 | 21-12-2024 | 22-12-2024 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 0 | 0 | 0.1 | 0.1 | 0.1 |
| കൂടിയതാപനില, °C | 36 | 35 | 35 | 35 | 35 |
| കുറഞ്ഞതാപനില, °C | 22 | 22 | 24 | 24 | 22 |
| കൂടിയആപേക്ഷികആർദ്രത, % | 81 | 81 | 81 | 81 | 81 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 58 | 58 | 58 | 58 | 58 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 2 | 4 | 4 | 4 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 270 | 270 | 290 | 270 | 340 |
| മേഘവിന്യാസം, ഒക്ടാ | 5 | 6 | 7 | 7 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **നേരിയ മഴ** ** <br> ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. <br> ഡിസംബർ 17,18 ന് മഴയില്ല. <br> ഡിസംബർ 19 മുതൽ 21 വരെ നേരിയ മഴ ( ഇരുപത്തിനാലു മണിക്കൂറിൽ 2.5 മില്ലിമുതൽ 15.5 മില്ലി വരെ). | | |
| **പൊതുനിർദ്ദേശങ്ങൾ** | കൃഷിയിടങ്ങളിൽ തുടർച്ചയായി വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കരുത്. <br> പാകമായ വിളകൾ വിളവെടുക്കുകയും, വേഗത്തിൽ സംഭരിക്കാൻ കൊണ്ടുപോകുകയും ചെയ്യുക. വിളവെടുത്ത വിളകൾ വയലിലോ തുറസ്സായ സ്ഥലങ്ങളിലോ കൂമ്പാരമാക്കിയിടരുത്. <br> വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക. <br> മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക. | | |

| | | | |
|---|---|---|---|
| | വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.<br>കീടനാശിനി പശ ചേർത്തു തളിക്കുക. | | |
| നെല്ല് | വിവിധ ഘട്ടം | ഇലകരിച്ചിൽ  | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തു തളിക്കണം. ബ്ലീച്ചിങ് പൗഡർ കിഴികളിലാക്കി (ഏക്കറിന് 2 കിലോ എന്ന തോതിൽ പാടത്തേക്കു വെള്ളം കയറുന്ന ഇടങ്ങളിൽ നിക്ഷേപിക്കുക.<br>രോഗാധിക്യം ഉണ്ടെങ്കിൽ സ്ട്രെപ്റ്റോസൈക്ലിൻ (ഏക്കറിന് 30 ഗ്രാം 200 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി) തളിക്കുക. |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | തടത്തിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. മുൻകരുതലായി സ്യൂഡോമോണസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത്) രണ്ടാഴ്ചയിടവേളകളിൽ തളിക്കുക<br>രോഗം ബാധിച്ചാൽ:- രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കാർബൻഡാസിം അല്ലെങ്കിൽ മാങ്കോസബ് ഇവ രണ്ടാഴ്ച ഇടവേളയിൽ മാറി മാറി 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| മാവ് | കായ്ക്കുന്ന ഘട്ടം | പൂങ്കുല തുള്ളൻ  | 3000 പി പി എം വീര്യമുള്ള വേപ്പധിഷ്ഠിത കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ അഞ്ചു മില്ലി എന്ന തോതിൽ കലർത്തി തളിക്കുക. |
| കശുമാവ് | പൂക്കുന്ന ഘട്ടം<br>(നേരത്തെ കായ്ക്കുന്ന ഇനങ്ങളായ മാടക്കത്തറ-1, KAU – നിഹാര,ശ്രീ...) | തേയില കൊതുക്  | ആക്രമണം കണ്ടാൽ മാത്രം നിയന്ത്രണ നടപടികൾ സ്വീകരിക്കുക (പാനിക്കിളിൻ്റെ പൂങ്കുലത്തണ്ടിൽ/തണ്ടിൽ ചുരണ്ടിയ പാടുകൾ ഉണ്ടെങ്കിൽ മാത്രം).<br>ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ക്വിനാൽഫോസ് + മാങ്കോസെബ് (@ക്വിനാൽഫോസ് 2 മില്ലി + മാങ്കോസെബ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| വെള്ളരി വർഗ്ഗ വിള | വളർച്ചാ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം  | വെള്ളരി വർഗ്ഗ വിളകളിൽ മൃദുരോമ പൂപ്പൽ രോഗം പടരാൻ സാധ്യത. മുൻ കരുതലായി മാങ്കോസെബ്ണ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക. രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക |

| | | | |
|---|---|---|---|
| വെള്ളരി വർഗ്ഗ വിള | കായ പിടിക്കുന്ന ഘട്ടം | കായീച്ച  | തോട്ടങ്ങളിൽ ഫിറമോൺ കെണികൾ സ്ഥാപിക്കുക.<br>2 മില്ലി മാലത്തിയോൺ കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഈച്ചകളെ ആകർഷിക്കുന്നതിനായി 10 ഗ്രാം ശർക്കര കൂടി ചേർത്തിളക്കി ഇലകളുടെ അടിവശങ്ങളിൽ തളിക്കുക. |
| തക്കാളി | വളർച്ചാ ഘട്ടം | വാട്ടം  | റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക<br>അല്ലെങ്കിൽ<br>അകോമിൻ 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| വഴുതന | കായ പിടിക്കുന്ന ഘട്ടം | തണ്ടുതുരപ്പൻ  | കീടം ആക്രമിച്ച ഭാഗങ്ങൾ നശിപ്പിക്കുക. ക്ലോറാൻട്രെനിലിപ്രോൾ (കൊറാജെൻ) 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. തളിക്കുമ്പോൾ പാടത്തിന്റെ പുറത്തു നിന്നും ഉള്ളിലേക്ക് എന്ന രീതിയിൽ തളിക്കാൻ ശ്രദ്ധിക്കുക. |
| മുളക് | വളർച്ചാ ഘട്ടം | ഇലപ്പുള്ളി രോഗം  | മാങ്കോസബ് അല്ലെങ്കിൽ സാഫ് ഒരുലിറ്റർ വെള്ളത്തിൽ രണ്ടു ഗ്രാം വീതം എന്നതോതിൽ കലർത്തി തയ്യാറാക്കി തളിക്കുക |
| പശു | വിവിധഘട്ടം | പാദ, വായ രോഗം   | അഫ്‌തോവൈറസ് അണുബാധ മൂലമുണ്ടാകുന്ന വളരെയേറെ പകരുന്ന രോഗമാണ് കാൽ, വായ് രോഗം. അണുബാധയുടെ ഫലമായി വായിലും ചുറ്റുപാടും കാലുകളിലും വെസിക്കുലാർ നിഖേദ് ഉണ്ടാകുന്നു, അതിന്റെ ഫലമായി ഒരു മൃഗം ഭക്ഷണം കഴിക്കാനോ നീങ്ങാനോ വിമുഖത കാണിക്കുന്നു. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)